പി.റ്റി.9886/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി 21.05.2016
website : www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

## സർക്കുലർ നം:13/16

വിഷയം: സഹകരണ വകുപ്പ് – ICM- കണ്ണൂർ തയ്യാറാക്കിയ ഡോക്യൂമെന്ററി ഫിലിം "സഹകാര" യുടെ സി.ഡി സഹകരണ സ്ഥാപനങ്ങൾ വാങ്ങുന്നത്–സംബന്ധിച്ച്.

സൂചന: ICM കണ്ണൂർ ഡയറക്ടറുടെ 24.02.2016 ലെ സഹകാര/ 2015–16 നം കത്ത്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ്, കണ്ണൂർ, HDCM പ്ലാനിംഗ് ഫോറത്തിന്റെ പിന്തുണയോടുകൂടി "സഹകാര" എന്ന പേരിൽ 90 മിനിറ്റ് ദൈർഘ്യമുള്ള ഒരു സി.ഡി തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി വിദഗ്ദ്ധരുടെ സഹകരണത്തോടും ദൃശ്യ ശ്രവണ ഭംഗിയോടും കൂടിയാണ് പ്രസ്തുത വീഡിയോ ഡോക്യൂമെന്ററി തയ്യാറാക്കിയിട്ടുള്ളതെന്നും ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ കൈവരിച്ച നേട്ടങ്ങൾ എടുത്തുകാട്ടുന്ന ഒന്നാണെന്ന് കാണുകയും, ടി വീഡിയോ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്രത്യേകിച്ച് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 74(G) പ്രകാരം ലൈബ്രറികൾ സ്ഥാപിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ 'സഹകാര' സി.ഡി വാങ്ങി സൂക്ഷിക്കുന്നതും പ്രദർശിപ്പിക്കുന്നതും സഹകാരികൾക്കും വളർന്ന് വരുന്ന വിദ്യാർത്ഥികൾക്കും പ്രയോജനം ചെയ്യുന്നതാകയാൽ ടി സംരംഭത്തെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ എല്ലാ സഹകാരികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

(ഒപ്പ്),
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:
1. ഡയറക്ടർ, ഓഡിറ്റ് ഡയറക്ടറേറ്റ്, വികാസ്ഭവൻ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
4. എല്ലാ പരിശീലന സ്ഥാപനങ്ങൾക്കും
5. എഡിറ്റർ സഹകരണ വീഥി
6. എഡിറ്റർ സഹകരണ ജേർണൽ
7. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. എല്ലാ ഓഫീസർമാർക്കും
9. വെബ്സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ എ)

എസ്.ആർ.